Reg. No........................................................ Name........................................................ 20U210

**B.A./B.Sc. DEGREE END SEMESTER EXAMINATION - MARCH 2020**

SEMESTER –**2: MALAYALAM (ADDITIONAL LANGUAGE)**

COURSE: **19U2CCMAL2A: KAVITHA** (കവിത)

*(For Regular - 2019 Admission)*

Time: Three Hours Max Marks: 75

## എ. വിഭാഗം

**ഒറ്റ വാക്കിലോ, വാക്യത്തിലോ ഉത്തരമെഴുതുക**

1. 'കൂരിരുട്ടിന്റെ കിടാത്തി,' 'സൂര്യപ്രകാശത്തിനുറ്റ തോഴി ' എന്നീ വിശേഷണങ്ങൾ കവി നൽകുന്നത് ആർക്കാണ്?
2. 'രമണൻ' എന്ന കാവ്യം രചിച്ചതാര്?
3. ചിന്താഗ്നി എന്ന പാഠഭാഗം കുമാരനാശാന്റെ ഏതു കാവ്യത്തിൽ നിന്നെടുത്തതാണ്?
4. 'കുറത്തി' എന്ന കവിത എഴുതിയതാര്?
5. "ശരീരം സൂചിയാക്കി ആകാശത്തിന്റെ കീറലുകൾ തയ്ക്കും" - ആര്?
6. 'കൊച്ചിയിലെ വൃക്ഷങ്ങൾ' എന്ന കവിത രചിച്ചതാര്?
7. "പുലരിക്കുളിരാലോ, വിറകൊള്ളുന്നു ഗാന്ധി" - ഏതു കവിതയിലെ വരികളാണിവ?
8. 'മാമ്പഴം' എന്ന കവിത രചിച്ചതാര്?
9. 'കുരുക്ഷേത്രം' ആരുടെ കവിതയാണ്?
10. വിരാമം എന്ന കവിത ഡി വിയചന്ദ്രന്റെ ഏതു കവിതാസമാഹാരത്തിൽ ഉൾപ്പെടുന്നു?

(1 x 10 = 10)

## ബി. വിഭാഗം

**അരപ്പുറത്തിൽ കവിയാതെ എട്ടുചോദ്യങ്ങൾക്ക് ഉത്തരമെഴുതുക**

11. കടമ്മനിട്ട രാമകൃഷ്ണന്റെ കവിതകൾക്ക് ഒരാമുഖം തയ്യാറാക്കുക.
12. തേൽക്കുടം പ്രതീകാത്മകമായി പ്രതിനിധാനം ചെയ്യുന്നതെന്താണ്?
13. "നീയില്ലെങ്കിൽ നിൻവ്രതഭക്തിയില്ലെങ്കിൽ
    ഈ ശ്യാമകൃഷ്ണൻ വെറും കരിക്കട്ടയെന്നറിയുന്നു" - സാരസ്യം വ്യക്തമാക്കുക.
14. "രാമനമ്മയാകുവാനല്ലോ വന്നു ഞാൻ; മറ്റെന്തുണ്ടീ മഹിഷിക്കധികാരം" -

    ഈ വരികളിലെ സ്ത്രീയനുഭവാവിഷ്കാരത്തിന്റെ സവിശേഷത വ്യക്തമാക്കുക.
15. "കൂടെ മണക്കുന്നു നീയിപ്പൊഴെപ്പൊഴും" - ഏതൊക്കെ ഭാവങ്ങളിലാണ് കൂട്ടുകാരിയെ കവി കാണുന്നത്?
16. 'പുതിയ മാഷൻമ്മാർ' എന്ന കവിതയിൽ ആവിഷ്കരിക്കുന്ന വിമർശനം വിശകലനം ചെയ്യുക.
17. "അതിനാൽ മുഴുമൃഗമായി" - അനുഭവതലം വ്യക്തമാക്കുക.
18. ഈയേഴയെ കരുതിയോ കൈത്തോക്കിൽ
    വിലപ്പെട്ടോരുണ്ടകൾ നിറച്ചു ഞാൻ" - സന്ദർഭം വിവരിക്കുക.

19. ഐതിഹ്യത്തിന്റെ പുനർവായനയാണ് നാറാണത്തുപാറയിൽ പ്രതിഫലിക്കുന്നത് - വിശദമാക്കുക.

20. കളകൾ എന്ന കവിതാശീർഷകത്തിന്റെ പ്രസക്തി വിലയിരുത്തുക.

(2 x 8 = 16)

## സി. വിഭാഗം

**ഒരു പുറത്തിൽ കവിയാതെ ഏതെങ്കിലും അഞ്ചു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക**

21. 'മാമ്പഴപ്പാത' എന്ന കവിത ഉൾക്കൊള്ളുന്ന പരിസ്ഥിതി ചിന്ത വിശദീകരിക്കുക.

22. വീരാൻകുട്ടിയുടെ 'പറക്കം' എന്ന കവിതയ്ക്ക് ഒരാസ്വാദനമെഴുതുക.

23. യശോധരയെന്നവൾ എന്ന കവിതയിൽ അവതരിപ്പിക്കുന്ന സ്ത്രീ അനുഭവാഖ്യാനം വിശകലനം ചെയ്യുക.

24. എന്തു ശുത്തി ഏതു ശുത്തി എന്ന നാടൻ പാട്ട് ഉൾക്കൊള്ളുന്ന തിരിച്ചറിവുകൾ സംഗ്രഹിക്കുക.

25. 'സൂര്യകാന്തി' എന്ന കവിതയിൽ ആവിഷ്കരിക്കുന്ന സ്നേഹസങ്കല്പനം വിശദമാക്കുക.

26. അപമാനിതയായ പുഴയുടെ കഥ പറയുന്ന കർഷകനെയാണ് സച്ചിദാനന്ദൻ വിഭാവന ചെയ്തിരിക്കുന്നത് - വ്യാഖ്യാനിക്കുക.

27. ചിന്താഗ്നിയിൽ വെന്തുനീറുന്ന സീതയെയാണ് കുമാരനാശാൻ ആവിഷ്കരിച്ചത് - സ്വാഭിപ്രായം വ്യക്തമാക്കുക. (5 x 5 = 25)

## ഡി. വിഭാഗം

**രണ്ടു ചോദ്യത്തിന് നാലുപേജിൽ കവിതയാതെ ഉത്തരമെഴുതുക**

28. 'ആത്മത്യ ചെയ്ത കർഷകൻ വെള്ളത്തെക്കുറിച്ച് സംസാരിക്കുന്നു', 'യുഗളപ്രസാദൻ' എന്നീ കവിതകളിൽ ആവിഷ്കരിക്കുന്ന പരിസ്ഥിതിചിന്തയുടെ പ്രസക്തി വിശകലനം ചെയ്യുക.

**അല്ലെങ്കിൽ**

29. 'ആ പശുക്കുട്ടിയുടെ മരണം' എന്ന കവിതയിൽ ആവിഷ്കരിക്കുന്ന അസ്തിത്വാന്വേഷണവ്യഥകൾ വിവരിക്കുക.

30. സ്ത്രീജീവിതത്തിന്റെ വ്യത്യസ്തതലങ്ങളെയാണ് 'യശോധരയെന്നവൾ', 'കൗസല്യ' എന്നീ കവിതകൾ ഉൾക്കൊള്ളുന്നത് - സ്വാഭിപ്രായം വ്യക്തമാക്കുക.

**അല്ലെങ്കിൽ**

31. ' മനസ്വിനി ' എന്ന കവിത ഉൾക്കൊള്ളുന്ന പ്രണയസങ്കല്പനം വിശദീകരിക്കുക.

(12 x 2 = 24)

**********